ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 24-01-2026

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. 77-ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാജ്യത്തെ അഭിസംബോധന ചെയ്യും.

   **President Droupadi Murmu to Address Nation on Eve of 77th Republic Day.**

2. ഔദ്യോഗിക സന്ദർശനാർഥം, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ ന്യൂഡൽഹിയിലെത്തി; റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയാകും.

   **European Commission President Ursula von der Leyen has arrived in New Delhi on an official visit. She will be the Chief Guest at the Republic Day celebrations.**

3. നാളെ ദേശീയ സമ്മതിദായകദിനം; കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ ദിനാചരണ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും.

   **The Election Commission will celebrate the National Voters' Day in New Delhi tomorrow. President Droupadi Murmu will preside over the celebrations as the Chief Guest.**

4. വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു; അന്താരാഷ്ട്ര പ്രാധാന്യമുള്ള ട്രാൻസ്ഷിപ്മെന്റ് ഹബ് ആയി വിഴിഞ്ഞം മാറിയെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

**Chief Minister Pinarayi Vijayan today inaugurated the second phase of construction at the Vizhinjam International Seaport. Union Minister Sarbananda Sonowal stated that Vizhinjam has emerged as a transshipment hub of international significance.**

5. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്.**

**PM Modi to Address Nation in 130th Episode of Mann Ki Baat Tomorrow.**

**വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ബാറ്റിങ്ങിനയച്ചു.**

**In the Women's Premier League Cricket, Delhi Capitals won the toss and elected to field against Royal Challengers Bangalore.**

**************************

## REPUBLIC DAY CELEBRATION

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. മറ്റന്നാൾ കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും.

*****************************

## PREZ-ADDRESS TO NATION

റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി നാളെ രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മുതൽ ആകാശവാണിയുടെ ദേശീയ ശൃംഖലകളിലൂടെയും ദൂരദർശന്റെ എല്ലാ ചാനലുകളിലൂടെയും പരിപാടി പ്രക്ഷേപണം ചെയ്യും. ആദ്യം ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമായിരിക്കും രാഷ്ട്രപതിയുടെ സന്ദേശം പ്രക്ഷേപണം ചെയ്യുക. ആകാശവാണിയുടെ പ്രാദേശിക ശൃംഖലകളിലൂടെ രാത്രി 9.30 മുതൽ പ്രസംഗം പ്രാദേശിക ഭാഷകളിൽ കേൾക്കാം.

*****************************

## EU URSULA

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ ഔദ്യോഗിക സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി. തിങ്കളാഴ്ച നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയ്ക്കൊപ്പം അവർ മുഖ്യാതിഥിയായി പങ്കെടുക്കും. സന്ദർശന വേളയിൽ ഇന്ത്യ-യൂറോപ്യൻ യൂണിയൻ തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ അടുത്ത ഘട്ടത്തെക്കുറിച്ച് ചർച്ച ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

*****************************

## ECI- VOTERS DAY

രാജ്യം നാളെ പതിനാറാമത് ദേശീയ സമ്മതിദായകദിനം ആഘോഷിക്കും. തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദിനാചരണ പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. പുതുതായി രജിസ്റ്റർ ചെയ്ത യുവ വോട്ടർമാർക്ക് രാഷ്ട്രപതി ഫോട്ടോ പതിപ്പിച്ച വോട്ടർ തിരിച്ചറിയൽ കാർഡുകൾ കൈമാറും. 'എന്റെ ഇന്ത്യ, എന്റെ വോട്ട്' എന്നതാണ് ഈ വർഷത്തെ പ്രമേയം.

*****************************

## VIZHINJAM ( INTRO)

ഇന്ത്യയുടെ ലോജിസ്റ്റിക് മേഖലയിൽ കേരളം സുപ്രധാന ശക്തിയായി മാറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കണ്ടെയ്നർ ബെർത്ത് വികസനം പൂർത്തിയാകുന്നതോടെ രാജ്യത്തെ ഏറ്റവും നീളം

കൂടിയ കണ്ടെയ്നർ ബെർത്ത് എന്ന നേട്ടവും വിഴിഞ്ഞം തുറമുഖം സ്വന്തമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്....)

അന്താരാഷ്ട്ര പ്രാധാന്യമുള്ള ട്രാൻസ്ഷിപ്മെന്റ് ഹബ് ആയി വിഴിഞ്ഞം മാറിയെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കേരളത്തിന്റെ കൊച്ചി വാട്ടർ മെട്രോ ദേശീയ മാതൃകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ്....)

മന്ത്രിമാരായ വി.എൻ വാസവൻ, കെ.എൻ ബാലഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*****************************

## PM ROZGAR MELA

രാജ്യത്തിനകത്തും വിദേശത്തും യുവാക്കൾക്കായി പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ നിരന്തരം പരിശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 18-ാമത് ദേശീയ തൊഴിൽ മേളയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 61,000 പേർക്കാണ് ഇന്ന് നിയമനപത്രം കൈമാറിയത്.

*****************************

## ROZGAR MELE - PALLIPPURAM

ദേശീയതൊഴിൽ മേളയുടെ ഭാഗമായി തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിൽ സംഘടിപ്പിച്ച തൊഴിൽ മേള കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം

ചെയ്യു. 272 ഉദ്യോഗാർത്ഥികൾക്ക് കേന്ദ്രസഹമന്ത്രി നിയമന ഉത്തരവ് കൈമാറി.

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11-ന്. പരിപാടിയുടെ 130-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

*****************************

## PARLIAMENT

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും. 28 മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് സമ്മേളനം.

*****************************

## PRAGATI UTTARAKHAND

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാം അവലോകനയോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഭൂമിശാസ്ത്രപരമായ വെല്ലുവിളി നിറഞ്ഞ പ്രദേശങ്ങളിലെ

സങ്കീർണ്ണമായ അടിസ്ഥാന സൗകര്യ പദ്ധതികളുടെ വിജയമാണ്, പ്രഗതി സംരംഭത്തിന് കീഴിലുള്ള ഉത്തരാഖണ്ഡിന്റെ വികസനത്തിലൂടെ പ്രതിഫലിക്കുന്നത്. തപോവൻ-വിഷ്ണുഗഢ് ജലവൈദ്യുത പദ്ധതി, തെഹ്രി പമ്പ്ഡ് സ്റ്റോറേജ് പ്ലാന്റ് പദ്ധതി തുടങ്ങിയവയാണ് പ്രഗതിക്ക് കീഴിൽ ഉത്തരാഖണ്ഡിൽ നടപ്പാക്കിയ പദ്ധതികൾ.

*****************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം. വിദേശ വോട്ടർമാർ ഫോം 6എ സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

*****************************

## GIRIRAJ-TEXTILE SECTOR

കഴിഞ്ഞ പത്തുവർഷം കൊണ്ട് ഇന്ത്യയുടെ വസ്ത്രമേഖല ശ്രദ്ധേയ വളർച്ച കൈവരിച്ചതായി കേന്ദ്ര മന്ത്രി ഗിരിരാജ് സിങ്. രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന വ്യവസായങ്ങളിലൊന്നായി വസ്ത്രമേഖല മാറിയതായും അദ്ദേഹം.

*****************************

## RAJNATH - NCC (INTRO)

ലോകം ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ രാജ്യത്തെ യുവാക്കൾ സർവസജ്ജരായിരിക്കണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ന്യൂഡൽഹിയിൽ റിപ്പബ്ലിക്

ദിന ക്യാമ്പിൽ പങ്കെടുക്കുന്ന എൻസിസി കേഡറ്റുകളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2047-ൽ വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ യാത്രയിൽ കേഡറ്റുകളുടെ ശക്തി നിർണായകമാണെന്ന് രാജ്യരക്ഷാമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*****************************

## SHAH-UP DAY

ഉത്തർപ്രദേശ് ഇന്ത്യയുടെ ആത്മാവ് മാത്രമല്ല, വികസിത ഭാരതത്തിന്റെ വളർച്ചാ എൻജിൻ കൂടിയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ലഖ്നൗവിൽ ഉത്തർപ്രദേശ് രൂപീകൃതമായതിന്റെ വാർഷികാഘോഷ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

*****************************

## RIJIJU-BUDDHIST SUMMIT

ബുദ്ധന്റെ ആശയങ്ങൾ ലോകമെമ്പാടും ഐക്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാഠങ്ങളാണ് പകർന്നു നൽകുന്നതെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ രണ്ടാം ആഗോള ബുദ്ധമത ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*****************************

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ

ആസ്ഥാനത്തിന് 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരാകണം. കൂടുതൽ വിവരങ്ങൾക്ക് www.newsonair.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

****************************

## WPL CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു - ഡൽഹി ക്യാപിറ്റൽസ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ്, ബൗളിങ് തെരഞ്ഞെടുത്തു.

****************************

## IND-NZ T20

ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വന്റി-20 പരമ്പരയിലെ മൂന്നാം മത്സരം നാളെ ഗുവാഹാട്ടിയിൽ. ആദ്യ രണ്ടു മത്സരങ്ങളും ഇന്ത്യ ജയിച്ചിരുന്നു. ആകെ 5 മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

****************************

## CRICKET-U19 WORLD CUP

സിംബാബ്‌വെയിൽ നടക്കുന്ന അണ്ടർ-19 പുരുഷ ക്രിക്കറ്റ് ലോകകപ്പിലെ അവസാന ഗ്രൂപ്പ് മത്സരത്തിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യക്ക് ജയം. മഴയെത്തുടർന്ന് 37 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ 135 റൺസെടുക്കുന്നതിനിടെ ന്യൂസിലാൻഡിൻറെ എല്ലാവരും പുറത്തായി. ഇന്ത്യ 14-ാം ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

****************************

## RUSSIA STRIKE UKRAINE

റഷ്യ - യുക്രൈൻ യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾ അമേരിക്കയുടെ മധ്യസ്ഥതയിൽ അബുദാബിയിൽ പുരോഗമിക്കുന്നതിനിടെ യുക്രൈനിൽ വീണ്ടും റഷ്യൻ ആക്രമണം. ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും 31 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഘർഷം അവസാനിപ്പിക്കുന്നതിനായി ഇതാദ്യമായാണ് ട്രംപ് ഭരണകൂടത്തിലെ ഉദ്യോഗസ്ഥർ ഒരേസമയം ഇരുരാജ്യങ്ങളുമായും ചർച്ച നടത്തുന്നത്.

******************************

## NTL BAND-SECRETARY

സ്കൂൾ വിദ്യാർത്ഥികളിൽ ഐക്യബോധം, അഭിമാനം, രാജ്യസ്നേഹം എന്നിവ വളർത്തുകയാണ് ദേശീയ സ്കൂൾ ബാൻഡ് മത്സരത്തിന്റെ ലക്ഷ്യമെന്ന് കേന്ദ്ര പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ് പറഞ്ഞു. 2026-ലെ ദേശീയ സ്കൂൾ ബാൻഡ് മത്സരത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ദേശീയ ബാലഭവനിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*

***********

************************************************